**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2913** **24-02-2026 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി മണ്ഡലത്തിൽ മത്സ്യ ഉൽപാദനം വർദ്ധിപ്പിക്കാൻ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കുറ്റ്യാടി മണ്ഡലത്തിൽ മത്സ്യ ഉൽപാദനം വർദ്ധിപ്പിക്കുന്നതിനായി 2021 മെയ് മാസം മുതൽ നാളിതുവരെ നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയെന്ന് അടങ്കൽ തുക സഹിതം വിശദമാക്കാമോ; | (എ) | മത്സ്യ കൃഷിയ്ക്കായി കുറ്റ്യാടി മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>പൊതുകുളങ്ങളിലെ മത്സ്യക്കുഞ്ഞ് നിക്ഷേപവുമായി ബന്ധപ്പെട്ട് 2022-23 വർഷം മുതൽ 2024-25 വർഷം വരെ 65325 കുഞ്ഞുങ്ങളെ നിക്ഷേപിച്ചിട്ടുണ്ട്. 2022-23 വർഷം മുതൽ മുറ്റത്തൊരു മീൻത്തോട്ടം പദ്ധതി പ്രകാരം 73 യൂണിറ്റുകൾക്കായി 584000 രൂപ ചെലവഴിച്ചിട്ടുണ്ട്.<br><br>അർദ്ധ ഊർജ്ജിത ശുദ്ധജല മത്സ്യകൃഷി, കൂടുകൃഷി, ബയോഫ്ളോക്ക്, പടുതാക്കുളം, മത്സ്യവിത്തുൽപ്പാദനം, അർദ്ധ ഊർജിത ഓരുജല മത്സ്യകൃഷി, റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം എന്നീ പദ്ധതികൾക്കായി 2020-21 വർഷം 16,95,563/- രൂപയും 2021-22 വർഷം 36,65,890/- രൂപയും 2022-23 വർഷം 18,13,354/- രൂപയും, 2023-24 വർഷം 34,08,364/- രൂപയും 2024-25 വർഷം 5,95,362/- രൂപയും 2025-26 വർഷം 6,30,860/- രൂപയും ചെലവഴിച്ചിട്ടുണ്ട്.<br><br>കൂടാതെ കുറ്റ്യാടിപ്പുഴ ഉൾനാടൻ ജല ആവാസവ്യവസ്ഥ, സംയോജിത മത്സ്യവിഭവ പരിപാലനം 2022-25 പ്രകാരം മണിയൂർ പഞ്ചായത്തിൽ 3,85,000 കരിമീൻ കുഞ്ഞുങ്ങളെയും 50,000 പൂമീൻ കുഞ്ഞുങ്ങളെയും തിരുവള്ളൂർ പഞ്ചായത്തിൽ 4,00,000 കാർപ്പ് മത്സ്യക്കുഞ്ഞുങ്ങളെയും നിക്ഷേപിച്ചിട്ടുണ്ട്. അലങ്കാര മത്സ്യകൃഷിയ്ക്കായി ഒരു വനിതാ യൂണിറ്റിനു 20,000/- രൂപയും ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതികൾ നടപ്പിലാക്കിയത് വഴി മത്സ്യ ഉൽപാദനം വർദ്ധിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | പ്രസ്തുത പദ്ധതികൾ നടപ്പിലാക്കിയത് വഴി മത്സ്യ ഉല്പാദനം വർദ്ധിച്ചിട്ടുണ്ട്. ഒരു മത്സ്യത്തൊഴിലാളിക്ക് |

| | | | |
|---|---|---|---|
| | | | ശരാശരി മൂന്ന് കിലോഗ്രാം വരെ അധികം മത്സ്യം ലഭിച്ചു വരുന്നതായി കണക്കാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ